**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5497** **05-07-2024 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ മുന്നേറ്റത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികരംഗത്തെ മുന്നേറ്റത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികളിലൂടെ സംസ്ഥാനം കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | കായികരംഗത്തെ മുന്നേറ്റത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികളിലൂടെ സംസ്ഥാനം കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കായിക വകുപ്പ് കൈവരിച്ച നേട്ടങ്ങൾ 2021-2024

### അടിസ്ഥാന സൗകര്യ വികസനം

- കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ ഫണ്ടും ഉൾപ്പെടെ 2000 കോടിയുടെ അടിസ്ഥാനസൗകര്യ വികസനം കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. 1000 കോടി കിഫ്ബി ഫണ്ടും 1000 കോടി പ്ലാൻ ഫണ്ടും എം എൽ എ ഫണ്ടും മറ്റും ഉൾപ്പെടെയുള്ള തുകയുമാണ്.
- ചാലക്കുടി, കൊട്ടമൺ, നീലേശ്വരം, തൂത്താല, തലശ്ശേരി, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ, താനൂർ, പുനലൂർ, വടകര, മേപ്പയ്യൂർ, നടുവണ്ണൂർ, നെടുങ്കണ്ടം എന്നിവിടങ്ങളിൽ കായികസമുച്ചയങ്ങൾ പൂർത്തിയായി.
- ജി. വി. രാജ സ്പോട്സ് സ്കൂളിൽ 25 കോടി രൂപയുടെയും കണ്ണൂർ, കുന്നംകുളം സ്പോട്സ് ഡിവിഷനുകളിൽ 10 കോടിയുടെ വീതവും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കി.

### കായികഭവൻ

- കായിക വകുപ്പിന് കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമായുള്ള കേന്ദ്രം എന്ന നിലയിൽ കായികഭവൻ ആസ്ഥാന മന്ദിരം നിർമ്മാണം തുടങ്ങി. തിരുവനന്തപുരം വാൻറോസ് ജംങ്ഷനിലാണ് കായികഭവൻ.

### ഒരു പഞ്ചായത്ത് ഒരു കളിക്കളം

- മുഴുവൻ പഞ്ചായത്തിലും നിലവാരമുള്ള കളിക്കളം എന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിന് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ആരംഭിച്ചു. ആദ്യഘട്ടം 124 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്. 4 സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി. തിരുവനന്തപുരം കള്ളിക്കാട് ആദ്യ കളിക്കളം പൂർത്തിയായി.

### കായികനയം

- പുതിയ കായികനയം നിലവിൽ വന്നു. എല്ലാവർക്കും സ്പോട്സ്, സ്കൂൾ തലം മുതൽ കായികവികസനം, വിദഗ്ധപരിശീലനവും ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിച്ച് ഉന്നതനിലവാരമുള്ള കായികതാരങ്ങളെ വളർത്തുക എന്നീ ലക്ഷ്യ ങ്ങൾ അടിസ്ഥാനമാക്കിയാണ് നയം രൂപീകരിച്ചത്. സ്പോട്സ് ഇക്കോണമി മിഷൻ എന്ന പുരോഗമനപരമായ കാഴ്ചപ്പാടും നയം മുന്നോട്ടുവെക്കുന്നു.

## ഇന്റർനാഷണൽ സ്പോട്സ് സമ്മിറ്റ് കേരള (ISSK)

- രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി കായിക ഉച്ചകോടി സംഘടിപ്പിക്കുന്ന സംസ്ഥാനമായി കേരളം മാറി. ലോകത്തിനു മുന്നിൽ കായികകേരളത്തിന്റെ മികവും സാധ്യതകളും അവതരിപ്പിക്കാനും ലോകത്തെ മികച്ച കായികമാതൃകകൾ പകർത്താനും ലക്ഷ്യമിട്ട് ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് സമ്മിറ്റ് സംഘടിപ്പിച്ചത്. 8 രാജ്യങ്ങളിൽ നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കായിക വിദഗ്ധരും കായികതാരങ്ങളും പങ്കെടുത്തു. 5000 കോടിയുടെ നിക്ഷേപത്തിന് സമ്മിറ്റിൽ ധാരണയായി.

## ഓപ്പൺ ജിം

- ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഓപ്പൺ ജിം നിർമ്മാണം തുടങ്ങി. കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം, വയനാട്, മലപ്പുറം ജില്ലകളിലാണ് ഓപ്പൺ ജിം.

## ഫിറ്റ്നസ് സെന്റർ

- കഴിഞ്ഞ എൽ ഡിഎഫ് സർക്കാർ വിവിധ ജില്ലകളിലായി 8 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ ആരംഭിച്ചു. ഈ സർക്കാർ വന്ന ശേഷം കോന്നി, പാല, കോട്ടപ്പടി, ചിറ്റൂർ, ആറ്റുർ, ഒളവണ്ണ എന്നിങ്ങനെ 6 ഫിറ്റ്നസ് സെന്റർ തുടങ്ങി. മാവേലിക്കരയിൽ ഉടൻ പ്രവർത്തനം തുടങ്ങും.

## ഫിഷറീസ് സ്കൂളുകളിൽ ഗ്രൗണ്ട് നിർമ്മാണം

- ഫിഷറീസിന് കീഴിലെ സ്കൂളുകളിൽ ഗ്രൗണ്ട് നിർമ്മാണം നടക്കുന്നു. വർക്കലയിൽ നിർമ്മാണം പൂർത്തിയായി. കണ്ണൂരിലെ അഴീക്കൽ, കൊയിലാണ്ടി, ആലപ്പുഴയിലെ അർത്തുങ്കൽ, താനൂർ എന്നിവിടങ്ങളിൽ കരാറായി.

## സ്പോട്സ് കേരള ഫൗണ്ടേഷൻ

- കായികമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളു ടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനും കായികവകുപ്പിന് കീഴിൽ സ്പോട്സ് കേരള ഫൗണ്ടേഷൻ (SKF) രൂപീകരിച്ചു. വകുപ്പിന് കീഴിലെ എല്ലാ കളിക്കളങ്ങളുടെയും നടത്തിപ്പ് SKF നിർവഹിക്കും.

## തദ്ദേശ സ്ഥാപന തല സ്പോട്സ് കൗൺസിൽ

- സംസ്ഥാനത്ത് ആദ്യമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു.

## ഹെൽത്തി കിഡ്സ്

- പ്രൈമറി വിദ്യാർത്ഥികളുടെ ശാരീരിക-മാനസിക കഴിവുകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് 25 സ്കൂളിൽ നടപ്പാക്കിയ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിൽ പുനഃരാരംഭിച്ചു. കൊച്ചുകുട്ടികൾക്ക് ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടാനുള്ള ലളിതമായ ഉപകരണങ്ങൾ സ്കൂളുകളിൽ സ്ഥാപിക്കുന്നതാണ് പദ്ധതി. ഹെൽത്തി കിഡ്സ് 30 സ്കൂളുകളിലേ ക്ക് കൂടി വ്യാപിപ്പിക്കുന്ന നടപടി പൂർത്തിയായി.

## കായിക പരിശീലന പദ്ധതികൾ

- 5 വർഷം കൊണ്ട് 5 ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന തിനുള്ള ഗോൾ പദ്ധതി ആരംഭിച്ചു. ആദ്യഘട്ടം 1000 കേന്ദ്രങ്ങളിലായി 1 ലക്ഷം പേർക്ക് പരിശീലനം നൽകി. വിദഗ്ധ പരിശീലനത്തിന് 140 നിയോജകമണ്ഡലങ്ങളിൽ ഓരോ കേന്ദ്രം തുടങ്ങി. തെരഞ്ഞെടുത്ത 30 കുട്ടികൾക്കാണ് പരിശീലനം.
- അത്ലറ്റിക്സ് പരിശീലനത്തിന് സ്കൂളുകളിൽ സ്പ്രിൻറ് പദ്ധതി ആരംഭിച്ചു.
- ജൂഡോ പരിശീലനത്തിന് ജൂഡോക്കോ എന്ന പദ്ധതിയും ബോക്സിങ്ങ് പരിശീലനത്തിന് പഞ്ച് പദ്ധതിയും സ്കൂൾ തലത്തിൽ ആരംഭിച്ചു. ബോക്സിങ്ങ് 5 കേന്ദ്രങ്ങളിലും ജൂഡോ 10 കേന്ദ്രങ്ങളിലുമാണ് തുടങ്ങിയത്. ബാസ്കറ്റ് ബോൾ പരിശീലനത്തിന് ഹൂപ്സ് പദ്ധതി 6 സ്കൂളുകളിൽ തുടങ്ങി.

## തൃശ്ശൂർ സ്പോട്സ് ഡിവിഷൻ

- കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ തൃശ്ശൂരിലെ കുന്നംകുളത്ത് സ്പോട്സ് ഡിവിഷൻ ആരംഭിച്ചു. 7, 8 ക്ലാസുകളിൽ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി തൃശ്ശൂർ സ്പോട്സ് ഡിവിഷൻ തുടങ്ങി. ഉന്നതനിലവാരമുള്ള ഫുട്ബോൾ കോർട്ടും എട്ടു വരി സിന്തറ്റിക് ട്രാക്കും ഇവിടെ ഒരുക്കി.

## ഫുട്ബോൾ അക്കാദമികൾ

- കായിക ഡയറക്ടറേറ്റിന്റെയും സ്പോട്സ് കൗൺസിലിൻ്റെയും നേതൃത്വത്തിൽ 3 ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചു. രണ്ടെണ്ണം പെൺകുട്ടികൾക്കു മാത്രമാണ്.

ഡയറക്ടറേറ്റിന്റെ അക്കാദമികൾ തിരുവനന്തപുരത്തും കണ്ണൂരിലുമാണ്. കണ്ണൂരിലേത് പെൺകുട്ടികൾക്കാണ്. സ്പോട്സ് കൗൺസിലിന്റെ വനിതാ ഫുട്ബോൾ അക്കാദമി എറണാകുളത്തും.

**അന്താരാഷ്ട്ര കായിക സഹകരണം**

- സമഗ്ര കായികവികസനം ലക്ഷ്യമിട്ട് വിദേശ ഗവൺമെന്റുകളുമായി സഹകരണം ശക്തമാക്കുകയാണ്. നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്ലാൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി.
- ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയും സഹകരിച്ചുള്ള പദ്ധതി പുരോഗമിക്കുന്നു. ഒന്നാംഘട്ടമായി പരിശീലകർക്കുള്ള പരിശീലനം നടന്നു.
- ക്യൂബ പരിശീലകരെ ലഭ്യമാക്കാൻ നടപടി തുടങ്ങി. അത്ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ബോക്സിങ്ങ് പരിശീലകരെ കൊണ്ടുവരും.

**കായിക മത്സരങ്ങൾ**

- കൊവിഡാനന്തരം, സംസ്ഥാനത്ത് കൂടുതൽ മത്സരങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ആദ്യമായി കേരളത്തിൽ നടത്തി.
- സന്തോഷ്ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ 2022 ൽ മലപ്പുറം ജില്ലയിൽ ഗംഭീരമായി നടന്നു.
- ഫെഡറേഷൻ കപ്പ് ദേശീയ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് കേരളം ആദ്യമായി വേദിയായി.
- അത്ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച രണ്ട് ഇന്ത്യ ഗ്രാൻപ്രി അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പുകൾ തിരുവനന്തപുരത്ത് നടന്നു. ഒപ്പം ആദ്യ ദേശീയ ജമ്പ്സ് ചാമ്പ്യൻഷിപ്പും നടന്നു.
- ദേശീയ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പ് വട്ടിയൂർക്കാവ് റേഞ്ചിൽ നടന്നു.
- സ്പോട്സ് കൗൺസിൽ നേതൃത്വത്തിൽ കോളേജ് ഗെയിംസ് സംഘടിപ്പിച്ചു.
- ഓരോ ജില്ലയിലെയും മികച്ച അണ്ടർ 17 ടീമുകളെ പങ്കെടുപ്പിച്ച് സി എം ഗോൾഡ്കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു.
- ഇന്ത്യ ആദ്യമായി വേദിയായ ഏഷ്യൻ മൗണ്ടൻ ബൈക്കിങ്ങ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ സംഘടിപ്പിച്ചു. ഇരുപതോളം രാജ്യങ്ങൾ പങ്കെടുത്തു.

**ചെ അന്താരാഷ്ട്ര ചെസ് ഫെസ്റ്റിവൽ**

- ക്യൂബയുമായുള്ള കായിക സഹകരണത്തിന്റെ ഭാഗമായി ചെഗുവേരയുടെ പേരിൽ രാജ്യാന്തര ചെസ് മത്സരം സംഘടിപ്പിച്ചു. ലോക ചാമ്പ്യൻഷിപ്പിൽ രണ്ടാമനായ ഗ്രാൻഡ് മാസ്റ്റർ പ്രഗ്യാനന്ദയും മലയാളി ഗ്രാൻഡ് മാസ്റ്റർ നിഹാൽ സരിനും

ക്യൂബൻ ഗ്രാന്റ് മാസ്റ്റർമാരും പങ്കെടുത്തു. 4 ദിവസം നീണ്ട ചെ അന്താരാഷ്ട്ര ചെസ് ഫെസ്റ്റിവലിന്റെ ഭാഗമായി ശിൽപ്പശാലയും നടന്നു.

## കായികതാരങ്ങൾക്ക് പാരിതോഷികം

- ടോക്യോ ഒളിമ്പിക്സിൽ വെങ്കലം നേടിയ ഹോക്കി താരം ശ്രീജേഷിന് 2 കോടി രൂപയും സർക്കാർ ജോലിയിൽ പ്രമോഷനും നൽകി. ഒളിമ്പിക്സിൽ പങ്കെടുത്ത മുഴുവൻ മലയാളി താരങ്ങൾക്കും 10 ലക്ഷം രൂപ വീതം നൽകി.
- ചെസ് ഗ്രാന്റ് മാസ്റ്റർ എസ് എൽ നാരായണന് ലോകകപ്പ് ചെസ്സിന് ഒരുങ്ങാൻ 10 ലക്ഷം രൂപ അനുവദിച്ചു.
- റോളർ സ്കേറ്റിങ്ങിൽ അന്താരാഷ്ട്ര മെഡൽ ജേതാവായ അഭിജിത് അമൽ രാജിന് 4 ലക്ഷം രൂപ അനുവദിച്ചു.
- പാരലിമ്പിക്സ് ലോക മെഡൽ ജേതാവ് ജോബി ജോസഫിന് 2 ലക്ഷം രൂപ അനുവദിച്ചു.
- ലോക ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലെ മിക്സഡ് 4-400 റിലേയിൽ വെങ്കലം നേടിയ അബ്ദുൾ റസാഖിന് 1 ലക്ഷം രൂപ അനുവദിച്ചു.
- സോഫ്റ്റ് ബോൾ ഏഷ്യാകപ്പ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ പി പി അജ്മലിന് അമ്പതിനായിരം രൂപ അനുവദിച്ചു.
- സന്തോഷ് ട്രോഫി നേടിയ ടീമിലെ മുഴുവൻ താരങ്ങൾക്കും മുഖ്യ പരിശീലകനും 5 ലക്ഷം രൂപ വീതം നൽകി.
- തോമസ് കപ്പ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ ഇന്ത്യൻ ടീമിലെ മലയാളതാരങ്ങളായ എച്ച് എസ് പ്രണോയ്, അർജ്ജുൻ എന്നിവർക്ക് 5 ലക്ഷം വീതവും പരിശീലകനായ വിമൽകുമാറിന് 3 ലക്ഷം രൂപയും നൽകി.
- കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടിയ എൽദോസ് പോളിന് 20 ലക്ഷം രൂപയും വെള്ളിയും വെങ്കലവും നേടിയ ട്രീസ ജോളി, വെള്ളി നേടിയ അബ്ദുള്ള അബൂബക്കർ, ശ്രീശങ്കർ, ശ്രീജേഷ് എന്നിവർക്ക് 10 ലക്ഷവും നൽകി. എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ, ശ്രീ ശങ്കർ, ട്രീസ ജോളി എന്നിവർക്ക് ജോലി നൽകാനും തീരുമാനിച്ചു.
- ചെസ് ഒളിമ്പ്യാഡിൽ മെഡൽ നേടിയ നിഹാൽ സരിന് 10 ലക്ഷവും മികച്ച പ്രകടനം കാഴ്ചവെച്ച എസ് എൽ നാരായണന് 5 ലക്ഷവും നൽകി.
- നീന്തൽതാരം സജൻ പ്രകാശിന് പരിശീലനത്തിന് 10 ലക്ഷം അനുവദിച്ചു.
- 2022 ദേശീയ ഗെയിംസിൽ വ്യക്തിഗത മെഡൽ നേടിയ താരങ്ങൾക്ക് സ്വർ ണം -5 ലക്ഷം, വെള്ളി- 3, വെങ്കലം-2 എന്നിങ്ങനെയും ടീമിനങ്ങൾക്ക് സ്വർണം 2 ലക്ഷം, വെള്ളി- 1.5, വെങ്കലം -1 എന്നിങ്ങനെ തുക നൽകി. .ദേശീയ ഷൂട്ടിങ്ങ് താരം കീർത്തി കെ സുശീലന് പരിശീലനസഹായം 5 ലക്ഷം രൂപ അനുവദിച്ചു.
- ചൈനയിൽ 2023 ൽ നടന്ന ഏഷ്യൻ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് പുരസ്കാരം സമ്മാനിച്ചു. സ്വർണം 25 ലക്ഷം, വെള്ളി 18 ലക്ഷം, വെങ്കലം 12.5 ലക്ഷം എന്നിങ്ങനെയാണ് തുക സമ്മാനിച്ചത്.

## കായികതാരങ്ങൾക്കുള്ള സഹായം

- അവശ കായികതാരങ്ങളുടെ പെൻഷൻ 1600 രൂപയായി വർദ്ധിപ്പിച്ചു. പെൻഷന് അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനപരിധി ഒരുലക്ഷം രൂപയായും വർദ്ധിപ്പിച്ചു. നിലവിൽ ഇരുപതിനായിരമായിരുന്നു പരിധി.
- കായിക ഡയറക്ടറേറ്റിനും സ്പോട്സ് കൗൺസിലിനും കീഴിലെ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൊവിഡ് സാഹചര്യത്തിൽ കായിക പോഷണ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. 1750 കുട്ടികൾക്ക് കിറ്റ് വീട്ടുകളിൽ എത്തിച്ച് നൽകി. സപ്ലൈകോയും മിൽമയും ചേർന്നാണ് പദ്ധതി നടപ്പാക്കിയത്.
- അവശത അനുഭവിക്കുന്ന 26 സർക്കസ് കലാകാരന്മാരെ കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി. ഈ പെൻഷനും 1600 രൂപയാക്കി.

## സ്പോട്സ് ക്വാട്ട നിയമനം

- കഴിഞ്ഞ 7 വർഷത്തിനിടെ സ്പോട്സ് ക്വാട്ടയിൽ റെക്കോഡ് നിയമനം നടന്നു. ഈ കാലയളവിൽ 703 കായികതാരങ്ങൾക്കാണ് നിയമനം നൽകിയത്.
- കഴിഞ്ഞ എൽ ഡി എഫ് സർക്കാർ 580 പേർക്ക് നിയമനം നൽകി. ഈ ഗവൺമെന്റ് സ്പോട്സ് ക്വാട്ട നിയമനത്തിനുള്ള 2010-14 റാങ്കിസ്റ്റിൽ നിന്ന് 65 പേർക്ക് കൂടി നിയമനം നൽകി. 2017-23 ൽ സ്പോട്സ് ക്വാട്ടയിൽ പൊലീസിൽ 168 പേർക്കും കെഎസ്ഇബിയിൽ 61 പേർക്കും നിയമനം നൽകി.
- 2015-19 കാലയളവിലെ സ്പോട്സ് ക്വാട്ട നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 5 വർഷത്തെ ലിസ്റ്റിൽ നിന്ന് 249 പേർക്കാണ് നിയമനം ലഭിക്കുക. ഒരു തസ്തികയിൽ പ്രത്യേക പരിഗണനയിൽ സി കെ വിനീതിന് നേരത്തേ ജോലി നൽകി.

Jayasree R Pillai

**സെക്ഷൻ ഓഫീസർ**